# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ബിവറേജസ് കോർപ്പറേഷന്റെ വില്പന ശാലകളുടെ പെയിന്റിംഗ്

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1099** **10.06.2019-ൽ മറുപടിയ്ക്ക്**

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | ഉത്തരം<br>ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പുമന്ത്രി |
|---|---|
| (എ) ബിവറേജസ് കോർപ്പറേഷന്റെ ചില്ലറ വില്പന ശാലകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ കടുത്ത ചായം പൂശി മനോഹരമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | എ) കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളുടെ നവീകരണത്തിന്റെ ഭാഗമായും സമാനരീതിയിൽ കാണുന്നതിനായും എല്ലാ ചില്ലറ വില്പനശാലകളും ഒരേ തരത്തിലുള്ള നിറങ്ങൾ പൂശണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി ഏതെങ്കിലും പ്രത്യേക കമ്പനിയുടെ പെയിന്റ് ഉപയോഗിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കമ്പനിയുടെതെന്ന് അറിയിക്കാമോ; | (ബി) പൂശേണ്ട നിറത്തിന്റെ മാതൃക നൽകിയിട്ടുണ്ട്. ഇപ്രകാരം ഏഷ്യൻ പെയിന്റിന്റെ പ്രത്യേക കോഡ് നമ്പർ ഉള്ള ചായം ഉപയോഗിക്കണമെന്ന് കോർപ്പറേഷൻ നിർദ്ദേശം നൽകിയിരുന്നു. |
| (സി) ഇപ്രകാരം കെട്ടിടങ്ങൾ ചായം പൂശിയ വകയിൽ ബിവറേജസ് കോർപ്പറേഷന് എന്ത് തുക ചെലവായെന്ന് അറിയിക്കുമോ? | (സി) കെട്ടിട ഉടമകൾ അവരുടെ സ്വന്തം ചെലവിൽ ചായം പൂശണമെന്നാണ് നിർദ്ദേശിച്ചത്. ഏതെങ്കിലും കെട്ടിട ഉടമ അതിന് വിസമ്മതിക്കുകയാണെങ്കിൽ ആയത് 50:50 എന്ന വ്യവസ്ഥയിൽ പരമാവധി 5000 രൂപ കോർപ്പറേഷൻ ചെലവിൽ ചെയ്യുവാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചെലവായ തുകയുടെ കണക്ക് അന്തിമമായി ലഭ്യമായിട്ടില്ല. |

Senthosh

**സെക്ഷൻ ഓഫീസർ**